2014-15-ൽ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിറ്റ വകയിൽ സപ്ലൈകോയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക നഷ്ടമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

2014-15 സാമ്പത്തികവർഷം 13 നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്ത വകയിൽ സപ്ലൈകോയ്ക്ക് 240.42 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അതിൽ 70 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിലെ പട്ടികജാതിക്കാരായ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം

197 (3947) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ ജോലി നോക്കുന്ന ഡെപ്യൂട്ടേഷൻ, ഡയറക്ട് വിഭാഗങ്ങളിലെ പട്ടികജാതിക്കാരായ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഒരു പൊതു മാനദണ്ഡം രൂപീകരിക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഒരു ഔട്ട്ലെറ്റിൽ സ്ഥലം മാറ്റ ഭീഷണിയില്ലാതെ കുറഞ്ഞത് മൂന്ന് വർഷക്കാലം ജോലി നോക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുമോ ;

(സി) സപ്ലൈകോയുടെ തിരുവനന്തപുരം മേഖലാ ഓഫീസിന്റെ പരിധിയിലെ താലൂക്ക് ഡിപ്പോകൾക്ക് കീഴിലെ ഔട്ട്ലെറ്റുകളിലെ ഡെപ്യൂട്ടേഷൻ, ഡയറക്ട് വിഭാഗങ്ങളിലെ പട്ടികജാതി വിഭാഗക്കാരുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ജീവനക്കാരിൽ 2014-15 വർഷം രണ്ടോ അതിലധികമോ തവണ സ്ഥലം മാറ്റപ്പെട്ട എത്ര ജീവനക്കാരുണ്ട് ; ഇവരുടെ പേരുവിവരം വെളിപ്പെടുത്തുമോ :

(ഇ) സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽപെട്ട ഇവരെ ഡിപ്പോ മാനേജരുടെ താല്പര്യപ്രകാരം സ്ഥലംമാറ്റുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(എഫ്) പ്രസ്തുത ജീവനക്കാരുടെ (ഔട്ട്ലെറ്റ്) ആവശ്യപ്രകാരമല്ലാതെ സ്ഥലം മാറ്റി പീഡിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ ജോലി നോക്കുന്ന ഡെപ്യൂട്ടേഷൻ/ഡയറക്ട് വിഭാഗങ്ങളിൽ അച്ചടക്ക നടപടിക്ക് വിധേയരാകാത്തതോ സ്ഥലംമാറ്റം രേഖാമൂലം ആവശ്യപ്പെടാത്തതോ ആയ പട്ടികജാതി ജീവനക്കാരെ 2 വർഷം തികയാതെ സ്ഥലം മാറ്റരുതെന്ന ഉത്തരവ് നിലവിലുണ്ട്.

(സി&ഡി) ഉദ്യോഗസ്ഥരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.* ശ്രീമതി മഞ്ജു. എ, SA II-നെ രണ്ടു പ്രാവശ്യം സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

(ഇ&എഫ്) നിലവിലുള്ള ഉത്തരവിന് വിരുദ്ധമായി പ്രവർത്തിച്ചതായി പരാതി ലഭിച്ചാൽ സപ്ലൈകോ അധികൃതർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കേന്ദ്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ്

198 (3948) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിൽ സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ ; അന്ന് കേരളത്തിന് ലഭിക്കേണ്ടിയിരുന്ന അളവ് എത്രയായിരുന്നു ; കേരളം എത്ര ടൺ ഭക്ഷ്യധാന്യവും മണ്ണെണ്ണയുമാണ് ആവശ്യപ്പെട്ടിരുന്നത് ;

(ബി) 2011 മേയ് മാസത്തിൽ എത്ര റേഷൻ കാർഡുകളാണ് ഉണ്ടായിരുന്നത് ; തരംതിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ ; ഈ ഓരോ തരം കാർഡുകൾക്കും അന്ന് അനുവദിച്ചിരുന്ന ഭക്ഷ്യധാന്യത്തിന്റെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ ;

(സി) 2015 മേയ്/ജൂൺ മാസത്തിൽ സംസ്ഥാനത്തിന് മാത്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ ; ലഭിക്കേണ്ടിയിരുന്ന അളവ് എത്രയായിരുന്നു ; കേരളം എത്ര ടൺ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയുമാണ് ആവശ്യപ്പെട്ടത് ;

(ഡി) ഇപ്പോൾ നിലവിൽ എത്ര റേഷൻ കാർഡുകളാണ് സംസ്ഥാനത്ത് ഉള്ളത് ; തരം തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ ; ഓരോതരം കാർഡിനും ഇപ്പോൾ അനുവദിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly